48

A

# Higher Secondary
# Half Yearly Examination 2017
# Business Studies

**Maximum : 80 Scores**
**Time : 2½ hrs**
**Cool off Time : 15 minutes**

**HSE - XII**

**General instructions to candidates:**

- There is a 'Cool off time' of 15 minutes in addition to the writing time of 2½ hours.
- Use the 'cool off time' to get familiar with questions and to plan your answers.
- Read the questions carefully before answering
- Calculations, figures and graphs should be shown in the answer sheet itself.
- Malayalam version of the questions is also provided.
- Give equations wherever necessary
- Electronic devices except nonprogrammable calculators are not allowed in the Examination Hall.

**പൊതുനിർദ്ദേശങ്ങൾ**

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിട്ട് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- ഈ സമയം ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനുമുള്ളതാണ്.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽത്തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നൽകിയിട്ടുണ്ട്.
- ആവശ്യമുള്ള സ്ഥലത്ത് സമവാക്യങ്ങൾ കൊടുക്കണം
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കാൻ പാടില്ല.

**Answer the following questions from 1 to 6. Each carries 1 score**

1. The process of identifying and grouping various activities for the achievement of specific goals is called
   a) Planning
   b) Organizing
   c) Controlling
   d) Staffing
2. Which one of the following is a negative process?
   a) Recruitment
   b) Man power planning
   c) Selection
   d) Training
3. Identify the test which is conducted to measure the existing skill of an employee.
   a) Aptitude test b) Trade test
   c) Psychological test d) Intelligence test

**1 മുതൽ 6 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക 1 സ്കോർ വീതം**

1. പ്രത്യേക ലക്ഷ്യം നേടുന്നതിന് വേണ്ടി, പ്രവർത്തനങ്ങളെ കണ്ടെത്തുകയും സംയോജിപ്പിക്കുകയും ചെയ്യുന്ന പ്രക്രിയയാണ്.
   a. ആസൂത്രണം
   b. സംഘാടനം
   c. നിയന്ത്രണം
   d. ഉദ്യോഗവൽക്കരണം
2. താഴെ പറയുന്നതിൽ വിപരീത പ്രക്രിയ ഏത്?
   a. റിക്രൂട്ട്മെന്റ്
   b. മാനുഷിക വിഭവാസൂത്രണം
   c. തിരഞ്ഞെടുക്കൽ
   d. പരിശീലനം
3. ജോലിക്കാരുടെ നിലവിലുള്ള നൈപുണ്യത്തെ അളക്കുന്നതിനുള്ള പരീക്ഷ ഏതാണ്?
   a) അഭിരുചി പരീക്ഷ b) തൊഴിൽ പരീക്ഷ
   c) മനശാസ്ത്ര പരീക്ഷ d) ബുദ്ധി പരീക്ഷ

4. Which among the following pairs of management function closely related.
a) Planning and organsing
b) Planning and directing
c) Directing and controlling
d) Planning and controlling

5. Name the agency which controls the stock exchanges in India.

6. Find the odd one.
a) Call money
b) Debenture
c) Commercial paper
d) Certificate of deposit

7. Match the following. Each carries 1 score (1 x 4 = 4 score)

| | |
|---|---|
| a. Supervision | - Showing empathy to workers |
| b. Motivation | - Collecting Feedback from workers |
| c. Leadership | - Over seeing the workers |
| d. Communication | - Encourage the workers |

**Answer the following questions from 8 to 10. Each carries 2 scores**

8. "Placing the right person to the right job can bring success to your business." Comment.

9. Capital budgeting decision is very important because:
a. It involves huge capital
b. ________?________
c. ________?________

10. State any two external factors which affect dividend decision.

**Answer any four questions from 11 to 15. Each carries 3 scores**

11. Identify the level of management which connects the top executive with supervisory staff. List any two functions to be performed by them.

4. താഴെ തന്നിട്ടുള്ള ജോഡികളിൽ കൂടുതൽ സാമ്യമുള്ള മാനേജ്മെന്റ് പ്രക്രിയയിലെ ധർമ്മങ്ങൾ ഏവ?
a) ആസൂത്രണവും സംഘാടനവും
b) ആസൂത്രണവും മാർഗ്ഗനിർദേശവും
c) മാർഗ്ഗനിർദേശവും നിയന്ത്രണവും
d) ആസൂത്രണവും നിയന്ത്രണവും

5. സ്റ്റോക്ക് എക്സ്ചേഞ്ചിനെ നിയന്ത്രിക്കുന്ന ഇന്ത്യയിലെ പരമോന്നത സ്ഥാപനം ഏത് ?

6. വേറിട്ട് നിൽക്കുന്നത് കണ്ടെത്തുക.
a) കോൾ മണി
b) കടപത്രം
c) വാണിജ്യ പത്രിക
d) നിക്ഷേപ പത്രിക

7. ചേരും പടി ചേർക്കുക. ഓരോന്നിനും ഒരു സ്കോർ വീതം (ആകെ 4 സ്കോർ).

| | |
|---|---|
| a. മേൽനോട്ടം | - ജോലിക്കാരോട് തന്മയീഭാവത്തോടെ പെരുമാറുക |
| b. പ്രചോദനം | - ജോലിക്കാരുടെ അഭിപ്രായം സ്വരൂപിക്കുക |
| c. നേതൃത്വം | - ജോലിക്കാരുടെ പ്രവർത്തനം നോക്കിക്കാണുക |
| d. ആശയവിനിമയം | - ജോലിക്കാരെ പ്രേരിപ്പിക്കുക |

**8 മുതൽ 10 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക 2 സ്കോർ വീതം**

8. "അനുയോജ്യ വ്യക്തികൾക്ക് നിങ്ങളുടെ ബിസിനസ്സിനെ വളർത്താൻ സാധിക്കും." നിങ്ങളുടെ പ്രതികരണം എഴുതുക.

9. ക്യാപിറ്റൽ ബഡ്ജറ്റിംഗ് തീരുമാനം വളരെ പ്രാധാന്യമുള്ളതാണ്, കാരണം.
a. ഇതിന് ഭീമമായ മൂലധന നിക്ഷേപം ആവശ്യമാണ്.
b. ________?________
c. ________?________

10. ലാഭവിഹിത തീരുമാനത്തെ സ്വാധീനിക്കുന്ന ഏതെങ്കിലും രണ്ട് ബാഹ്യ ഘടകങ്ങൾ എഴുതുക.

**11 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. 3 സ്കോർ വീതം**

11. ഉന്നത തലത്തെ കീഴ്തലവുമായി ബന്ധിപ്പിക്കുന്നത് മാനേജ്മെന്റിന്റെ ഏതു തലമാണ്. ഇവർ ചെയ്യുന്ന രണ്ട് പ്രവർത്തനങ്ങൾ എഴുതുക.

12. The principle of unity of command and functional foremanship are contradictory to each other - Comment.

13. Do you think decentralization is desirable in all the organizations? Give reasons.

14. The following deviations are noticed in an organization.

1. Postal expense increased by Rs. 20
2. Total production decreased by 20%

Whether these two deviations should be brought to the notice of top management? Why? Explain the concept referred here.

15. "Capital budgeting decision has long term impact on the profitability of business." What are the various factors to be considered while taking such a decision?

**Answer any Four questions from 16 to 20. Each carries 4 scores**

16. List out the importance of staffing.

17. In a garment making unit Mr. Manoj is overseeing the work of employees. Name the element of directing mentioned in this context? Explain why his role is important to the organization.

18. Suggest the measures to overcome the barriers of communication in an organisation.

19. 'Controlling is a corrective function using various techniques.' Explain any four techniques.

20. Financial planning is an important part of overall planning of any business enterprises. Explain.

12. യൂണിറ്റി ഓഫ് കമാൻഡ് എന്ന തത്വവും ഫങ്ഷണൽ ഫോർമാൻഷിപ്പ് എന്ന തത്വവും പരസ്പര വിരുദ്ധമാണ്. അഭിപ്രായം പറയുക.

13. വികേന്ദ്രീകരണം എല്ലാ സ്ഥാപനങ്ങൾക്കും അഭികാമ്യമാണ് എന്ന് തോന്നുന്നുണ്ടോ? കാരണങ്ങൾ എഴുതുക.

14. ഒരു സ്ഥാപനത്തിൽ താഴെ പറയുന്ന വ്യതിയാനങ്ങൾ കണ്ടെത്തി.

1. തപാൽ ചിലവ് 20 രൂപ വർദ്ധിച്ചു.
2. ഉത്പാദനം 20% കുറഞ്ഞു.

ഈ രണ്ട് വ്യതിയാനങ്ങളും ഉന്നതതല മാനേജ്മെന്റിന്റെ ശ്രദ്ധയിൽ പെടുത്തേണ്ടതുണ്ടോ? എന്തുകൊണ്ട്? ഇവിടെ പ്രതിപാദിക്കുന്ന മാനേജ്മെന്റ് തത്വം വിവരിക്കുക.

15. ക്യാപിറ്റൽ ബഡ്ജറ്റിംഗ് തീരുമാനം സ്ഥാപനത്തിന്റെ ദീർഘകാല ലാഭത്തെ സ്വാധീനിക്കുന്ന ഘടകമാണ്. ഈ തീരുമാനത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ ഏതെല്ലാം?

**16 മുതൽ 20 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക 4 സ്കോർ വീതം**

16. ഉദ്യോഗവൽക്കരണത്തിന്റെ പ്രാധാന്യം വിശദീകരിക്കുക.

17. ഒരു വസ്ത്രനിർമാണ യൂണിറ്റിൽ മനോജ് അവിടത്തെ ജോലിക്കാരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നു. മാർഗനിർദേശത്തിന്റെ ഏത് ഘടകമാണ് ഇവിടെ സൂചിപ്പിക്കുന്നത്? സ്ഥാപനത്തിൽ അദ്ദേഹത്തിന്റെ പ്രവർത്തനത്തിന്റെ പ്രാധാന്യം വിശദമാക്കുക.

18. ഒരു സ്ഥാപനത്തിലെ ആശയവിനിമയത്തിനിടയിലുണ്ടാകുന്ന തടസ്സങ്ങളെ ഇല്ലാതാക്കുന്നതിനുള്ള വഴികൾ നിർദ്ദേശിക്കുക.

19. നിയന്ത്രണം എന്നതു തിരുത്തൽ നടപടിയാണ്. ഇതിനായി ചില തന്ത്രങ്ങൾ ഉപയോഗിക്കുന്നു. ഏതെങ്കിലും നാല് തന്ത്രങ്ങൾ വിശദീകരിക്കുക.

20. ഏതൊരു ബിസിനസ്സിന്റെയും ആസൂത്രണത്തിന്റെ ഏറ്റവും പ്രധാന ഘടകമാണ് ധനകാര്യ ആസൂത്രണം. വിശദീകരിക്കുക.

**Answer any Four questions from 21 to 25. Each carries 5 score**

21. Febi, general manager of Moon light Ltd. is over burdened with the workload. She has temporarily distributed some of her work to subordinates,
    a. Identify the technique adopted by her?
    b. Is it beneficial to the organisation? Justify your answer.

22. Describe the internal and external sources of recruitment.

23. "A person will move to the higher level need only after satisfying the lower level need." Do you agree with this statement? Explain the need hierarchy theory?

24.

| Planning (ആസൂത്രണം) | Organising (സംഘാടനം) | Staffing (ഉദ്യോഗവൽക്കരണം) | Directing (മാർഗ്ഗനിർദ്ദേശം) | ? |
|---|---|---|---|---|

a) Identify the missing function of management?
b) List out its importance in the management.

25. Explain any five factors which affect the working capital requirement of a business.

**Answer any two questions from 26 to 28. Each carries 8 score**

26. 'The structure of relationship deliberately designed by the top management to attain the objectives of the organisation.'
    a. Name the type of organisation stated above.
    b. List out its features.
    c. Distinguish it from the other form of organisation.

27. Explain the steps involved in selection process.

28. Explain the qualities to be possessed by a successful leader.

**21 മുതൽ 26 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക 5 സ്കോർ വീതം**

21. മൂൺ ലിമിറ്റഡ് കമ്പനിയിലെ ജനറൽ മാനേജരായ ഫെബിക്ക് ജോലിഭാരം കൂടുതലാണ്. അവർ തന്റെ ചില ജോലികൾ താൽകാലികമായി കീഴ്ജീവനക്കാരെ ഏൽപ്പിക്കുന്നു.
    a) അവർ സ്വീകരിച്ച തന്ത്രം ഏതാണ്?
    b) ഇത് സ്ഥാപനത്തിന് ഗുണകരമാണോ? ഉത്തരം സാധൂകരിക്കുക.

22. ആന്തരികവും ബാഹ്യവുമായ റിക്രൂട്ട്മെന്റ് ഉറവിടങ്ങൾ വിശദീകരിക്കുക.

23. തന്റെ താഴെ തട്ടിലുള്ള ആഗ്രഹങ്ങൾ സാധിച്ചാൽ മാത്രമേ ഉയർന്ന തട്ടിലുള്ള ആഗ്രഹങ്ങൾ ഉണ്ടാവുകയുള്ളൂ. ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുവോ? അവശ്യശ്രേണി സിദ്ധാന്തം വിശദീകരിക്കുക.

24.
a) നൽകിയിരിക്കുന്ന ചിത്രത്തിലെ വിട്ടുപോയ മാനേജ്മെന്റ് ധർമ്മം ഏത്.
b) സ്ഥാപനത്തിൽ ഈ ധർമ്മത്തിന്റെ പ്രാധാന്യം വിശദമാക്കുക.

25. ബിസിനസ്സിന്റെ പ്രവർത്തന മൂലധനത്തെ ബാധിക്കുന്ന ഏതെങ്കിലും അഞ്ച് ഘടകങ്ങൾ വിശദീകരിക്കുക.

**26 മുതൽ 28 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക 8 സ്കോർ വീതം**

26. 'ലക്ഷ്യം നേടുന്നതിനു വേണ്ടി ഉന്നതതല മാനേജ്മെന്റ് ബോധപൂർവ്വം രൂപീകരിച്ച ഒരു സംഘടനാ സംവിധാനമാണിത്.'
    a. ഈ പ്രസ്താവനയിൽ സൂചിപ്പിച്ച സംഘടനാ സംവിധാനം ഏത്?
    b. ഇതിന്റെ പ്രത്യേകതകൾ എന്തെല്ലാം?
    c. ഈ സംഘടനാരൂപത്തെ മറ്റ് സംഘടനാരൂപത്തിൽ നിന്ന് വേർതിരിക്കുക.

27. ഉദ്യോഗസ്ഥരെ തിരഞ്ഞെടുക്കുന്നതിലുള്ള നടപടി ക്രമങ്ങൾ വിശദീകരിക്കുക.

28. ഒരു മികച്ച നേതാവിന് ഉണ്ടായിരിക്കേണ്ട സ്വഭാവ ഗുണങ്ങൾ വിശദീകരിക്കുക.